പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3275 04.08.2021 ൽ മറുപടിക്ക്

**ഫാമിലി വെൽഫയർ സെന്ററിന്റെ പുതിയ ബ്ലോക്ക് നിർമ്മാണം**

| ചോദ്യം<br>ശ്രീ. മുരളി പെരുനെല്ലി | | ഉത്തരം<br>ശ്രീമതി വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | മണലൂർ മണ്ഡലത്തിലെ മറ്റം സെന്ററിൽ സ്ഥിതി ചെയ്യുന്ന കണ്ടാണശ്ശേരി ഫാമിലി വെൽഫയർ സെന്ററിന്റെ പുതിയ ബ്ലോക്കിന്റെ നിർമ്മാണത്തിനായി എം. എൽ. എ. യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും എത്ര തുകയാണ് അനുവദിച്ചതെന്ന് അറിയിക്കുമോ; | (എ) | മണലൂർ മണ്ഡലത്തിലെ മറ്റം സെന്ററിൽ സ്ഥിതി ചെയ്യുന്ന കണ്ടാണശ്ശേരി ഫാമിലി വെൽഫയർ സെന്ററിന്റെ പുതിയ ബ്ലോക്കിന്റെ നിർമ്മാണത്തിനായി എം.എൽ.എ-യുടെ ആസ്തി വികസന പദ്ധതിയിൽ 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് എന്നാണ് ഭരണാനുമതി ലഭിച്ചത്; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ; പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ എന്നാണ് പൂർത്തീകരിച്ചതെന്ന് അറിയിക്കുമോ; | (ബി) | 13.06.2018 ന് ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ 11.12.2019 ന് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇതിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി)<br>&<br>(ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ കരാറിൽ ഏർപ്പെട്ടതിനു ശേഷവും ഒന്നര വർഷമായിട്ട് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതിനാൽ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് അധികൃതർ 15.07.2021 ന് ടിയാന്, പ്രവർത്തികൾ ആരംഭിക്കാതിരുന്നതിന്റെ പേരിൽ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ഇതിന് കരാറുകാരൻ 30.07.2021 ന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ കരാറുകാരനും കുടുംബത്തിനും കോവിഡ് ബാധിച്ചതിനാലാണ് നിശ്ചിത സമയത്ത് പ്രവൃത്തി ആരംഭിക്കാൻ സാധിക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. |
| (ഡി) | കോവിഡിന്റെ കൂടി പശ്ചാത്തലത്തിൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

Hari

സെക്ഷൻ ഓഫീസർ

EE | TA | DA | HD | JS | JS

-7-

## തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടിക്രമം
### (ഹാജർ : ടി.വി അനുപമ, ഐ.എ.എസ്)

വിഷയം :- നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ( 2017-2018 ) - ബഹു.മണലൂർ നിയോജക മണ്ഡലം എം.എൽ.എ, ശ്രീ.മുരളി പെരുനെല്ലി കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ മറ്റം പ്രൈമറി ഹെൽത്ത് സെൻററിന് കെട്ടിട നിർമ്മാണം - പ്രൊജക്ട് നമ്പർ 4627 - ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-

1 സ.ഉ(അച്ചടി)നം.332/2012/ധന തിയ്യതി 11-06-2012
2.സ.ഉ(അച്ചടി)നം.86/2017/ധന തിയ്യതി 04-07-2017
3.സ.ഉ(അച്ചടി)നം.95/2017/ധന തിയ്യതി 25-07-2017
4.സ.ഉ(അച്ചടി)നം.122/2017/ധന തിയ്യതി 18-09-2017
5.സ ഉ(അച്ചടി)നം.126/2017/ ധന തിയ്യതി 25-09-2017
6. ശ്രീ.മുരളി പെരുനെല്ലി, എം.എൽ.എ് നൽകിയ 17.10.2017 തിയതിയിലെ കത്ത്
7. തൃശ്ശൂർ എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 19.05.2018 ലെ D1-139546/LAC-ADS/2018 നം.കത്ത്.
8. കണ്ടാണശ്ശേരി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 22.12.2017 ലെ സാധാരണ യോഗത്തിലെ 11(1) നമ്പർ തീരുമാനം.

### ഉത്തരവ് നം.ആർ.ഡി.6/2406/2017(6) തീയതി 13-06-2018

നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൽ ബഹു. എം. എൽ. എ മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനും പ്രസ്തുത പ്രവൃത്തികളുടെ നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുന്നതിനും സാമ്പത്തികവർഷം 2017-18 മുതൽ ജില്ലാ കളക്ടർമാരെ ചുമതലപെടുത്തി കൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .

തൃശ്ശൂർ ജില്ലയിലെ ബഹു. മണലൂർ നിയോജക മണ്ഡലം എം.എൽ.എ ശ്രീ.മുരളി പെരുനെല്ലി 2017-18 ലെ ആസ്തി വികസന പദ്ധതിയിൽ താഴെ പറയുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനായി പരാമർശം (6) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

പ്രവർത്തികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | പദ്ധതി തുക(രൂപ ലക്ഷത്തിൽ |
|---|---|---|---|
| 1 | 4627 | കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ മറ്റം പ്രൈമറി ഹെൽത്ത് സെൻററിന് കെട്ടിട നിർമ്മാണം | 30 |

മേൽ പ്രവൃത്തിക്ക് തൃശ്ശൂർ എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ പരാമർശം (7) പ്രകാരം എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. പരാമർശം (8) പ്രകാരം കണ്ടാണശ്ശേരി ഗ്രാമ പഞ്ചായത്ത് ഭരണസമിതി തീരുമാനം നൽകിയിട്ടുണ്ട്.

പരാമർശം(1) മുതൽ (5) വരെയുള്ള സർക്കാർ ഉത്തരവുകളിലെ എല്ലാ മാർഗനിർദേശങ്ങളും പാലിച്ചുകൊണ്ട് തൃശ്ശൂർ ജില്ലയിലെ മണലൂർ നിയോജക മണ്ഡലം എം.എൽ.എ ശ്രീ.മുരളി പെരുനെല്ലി 2017-18 ലെ ആസ്തി വികസന പദ്ധതിയിൽ മേൽപരാമർശിച്ച പ്രവൃത്തിക്ക് 30,00,000/-( മുപ്പത് ലക്ഷം രൂപ ) ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതിലേക്ക് ആവശ്യമായ തുക 4515-00-800-96 Projects under LAC-ADS(NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. നിലവിലുള്ള സർക്കാർ നിർദേശങ്ങൾ പാലിച്ച് ഭരണവകുപ്പിന്റെ ഉചിതമായ തലത്തിൽ ടി പ്രവൃത്തിയുടെ നിർവഹണം പൂർത്തിയാക്കുവാൻ തൃശ്ശൂർ എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

(ഒപ്പ്)
ജില്ലാ കളക്ടർ

സ്വീകർത്താവ് :- എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി ഡിവിഷൻ തൃശ്ശൂർ

പകർപ്പ് :-

1. ബഹു. മണലൂർ നിയോജക മണ്ഡലം എം.എൽ.എ ശ്രീ.മുരളി പെരുനെല്ലി
2. അക്കൗണ്ടന്റ് ജനറൽ , തിരുവനന്തപുരം
3. പ്രിൻസിപ്പല് സെക്രട്ടറി, ധനകാര്യ (നോഡൽ സെന്റർ -ബി ) വകുപ്പ് , തിരുവനന്തപുരം
4. സെക്രട്ടറി, കണ്ടാണശ്ശേരി ഗ്രാമ പഞ്ചായത്ത്
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

//ഉത്തരവിൻ പ്രകാരം//

COLLECTORATE
TRICHUR

അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)
തൃശ്ശൂർ

Hari

സെക്ഷൻ ഓഫീസർ